LIBRARY ARCHIVES Kerala Legislative Assembly

ആഗ്മെന്റഡ് റിയാലിറ്റി സംവിധാനംവരെ ഉപയോഗിച്ച വീഡിയോ ക്ലിപ്പുകൾ എന്നിവ നൽകിയുള്ള പഠന പിന്തുണ ഉറപ്പാക്കി. കഴിഞ്ഞ വർഷം ഫിസിക്കൽ സയൻസ്, അറബിക് മുതലായ അദ്ധ്യാപകർ തീരെ ഇല്ലാതിരുന്ന ഹൈസ്കൂളുകളിൽ ബി.എഡ്. അദ്ധ്യാപക വിദ്യാർത്ഥികളെയും സി.ആർ.സി.സി.-മാരെയും ഓൺലൈൻ ക്ലാസിൽ വിന്യസിച്ചു പഠന പിന്തുണാ സംവിധാനം ഉറപ്പാക്കിയിരുന്നു. 10-ാം തരത്തിലെ കുട്ടികൾക്ക് കഴിഞ്ഞ വർഷം സർക്കാർ മോഡൽ പരീക്ഷയ്ക്കുപുറമേ 5 സെറ്റ് പൊതുപരീക്ഷ മോഡൽ ചോദ്യപേപ്പർ എച്ച്.എം. ഫോറം ആഭിമുഖ്യത്തിൽ നടത്തി കുട്ടികളെ എസ്.എസ്.എൽ.സി.-ക്ക് ആത്മ വിശ്വാസത്തോടെ തയ്യാറെടുപ്പിച്ചു. 8-ാം ക്ലാസ്സിലെ എൻ.എം.എം.എസ്. പരീക്ഷയ്ക്ക് വിദ്യാലയങ്ങൾ തയ്യാറെടുപ്പ് നടത്തി കുട്ടികളെ പങ്കെടുപ്പിച്ച് വിജയശതമാനം ഉയർത്തി. പ്രൈമറിയിൽ എൽ.എസ്.എസ്., യു.എസ്.എസ്. പരീക്ഷകൾ കോവിഡ് സാഹചര്യത്തിൽ നടത്താൻ കഴിഞ്ഞില്ല എങ്കിലും പരിശീലനം കുട്ടികൾക്ക് അക്കാദമിക് ഉണർവ് നൽകി. അക്കാദമിക കാര്യങ്ങളിൽ കൃത്യമായ മോണിറ്ററിംഗ് നടത്തിയിട്ടുണ്ട്. വിദ്യാഭ്യാസ ജില്ലാ തലത്തിൽ എസ്.ആർ.ജി., അദ്ധ്യാപക വിഷയ ഗ്രൂപ്പുകൾ എന്നിവ പുന:സംഘടിപ്പിച്ചു സജീവമായി പ്രവർത്തനങ്ങൾ നടന്നു വരുന്നു.

പൊതുവിദ്യാലയങ്ങളുടെ ശോച്യാവസ്ഥ

147 (896) ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ പൊതുവിദ്യാലയങ്ങളുടെ ശോച്യാവസ്ഥ പൂർണ്ണമായും പരിഹരിക്കുന്നതിന് എന്തെല്ലാം പുതിയ പദ്ധതികൾ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) കിടങ്ങറ ഗവൺമെന്റ് സ്കൂളിനെ അന്തർദേശീയ നിലവാരത്തിൽ നവീകരിച്ച് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയതുപോലെ കുട്ടനാട്ടിലെ മറ്റ് ഹൈസ്കൂളുകളും ഹയർ സെക്കന്ററി സ്കൂളുകളും നവീകരിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) 5 കോടി രൂപ കിഫ്ബി ഫണ്ടിലുൾപ്പെടുത്തി കിടങ്ങറ ഗവൺമെന്റ് സ്കൂളിനെ അന്തർദേശീയ നിലവാരത്തിൽ നവീകരിച്ച് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയതുപോലെ കുട്ടനാട്ടിലെ മറ്റ് ഹൈസ്കൂളുകളും ഹയർ സെക്കണ്ടറി സ്കൂളുകളും നവീകരിക്കുന്നതിനായുള്ള പ്രൊപ്പോസലുകളും സർക്കാരിൽ ലഭ്യമാകുന്നമുറയ്ക്ക് ആയത് കിഫ്ബി ഫണ്ട്/പ്ലാൻ ഫണ്ട്/തീരദേശ വികസന ഫണ്ട്/എസ്.എസ്.കെ. ഫണ്ട്/ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ ഫണ്ട്/എം.എൽ.എ. ഫണ്ട് എന്നിവ ഉപയോഗപ്പെടുത്തി നടപ്പിലാക്കുവാൻ സാധിക്കുമോയെന്ന കാര്യം പരിശോധിക്കുന്നതാണ്. കുട്ടനാട്ടിലെ വീയപുരം ഗവൺമെന്റ് ഹൈസ്കൂളിന് 1 കോടി രൂപ കിഫ്ബി ഫണ്ടിലുൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്.